"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് - ഏക സ്ഥിരം ജീവനക്കാരിയ്ക്ക് 11-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

**സ.ഉ.(കൈ) നം.35/2024/LBR തീയതി,തിരുവനന്തപുരം, 23-09-2024**

പരാമർശം:-
1. 28/02/1996-ലെ സ.ഉ.(കൈ) നമ്പർ 28/96/തൊഴിൽ.
2. 06/12/2008-ലെ സ.ഉ.(കൈ) നമ്പർ 159/2008/തൊഴിൽ.
3. 27/09/2019-ലെ സ.ഉ.(കൈ) നമ്പർ 43/2019/തൊഴിൽ.
4. 10/02/2021-ലെ സ.ഉ.(അച്ചടി) നമ്പർ 27/2021/ധന.
5. 02/07/2021-ലെ സ.ഉ.(സാധാ) നമ്പർ 783/2021/തൊഴിൽ.
6. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 15/03/2022, 01/08/2022, 17/04/2023 തീയതികളിലെ 800/08 നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പരാമർശം (4) പ്രകാരം അനുവദിച്ച പതിനൊന്നാം ശമ്പള പരിഷ്കരണം കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഏക സ്ഥിരം ജീവനക്കാരിയായ, എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിലെ സീനിയർ ക്ലർക്ക്, ശ്രീമതി എം.ജെ.ബീനക്ക് അനുവദിക്കുന്നതിന് പരാമർശം (6) പ്രകാരം കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ സമർപ്പിച്ചിരുന്നു.

2) സാർക് വികലാംഗ വർഷത്തിൽ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ താൽകാലികാടിസ്ഥാനത്തിൽ ജോലി ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ സ്ഥിരനിയമനം ലഭിച്ചയാളാണ് ഭിന്നശേഷിക്കാരിയായ ശ്രീമതി എം.ജെ. ബീന എന്നും, ബോർഡിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ, സമാന തസ്തികയിലെ സർക്കാർ ജീവനക്കാർക്ക് നൽകുന്ന ശമ്പള സ്കെയിൽ, ലീവ്, ഡി.എ., ഇൻക്രിമെന്റ് തുടങ്ങിയവ ടിയാരിയ്ക്ക് അനുവദിക്കുവാൻ പരാമർശം (2) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നതായും, ബഹു.കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം ടിയാരിയ്ക്ക് എൽ.ഡി.

ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് സീനിയർ ക്ലർക്ക് ആയി തസ്തികമാറ്റം അനുവദിച്ചിട്ടുള്ളതായും കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ഹൈക്കോടതി വിധി നടപ്പാക്കുന്നതിനായി പരാമർശം (5) പ്രകാരം, എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ നിലവിലുള്ള ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികകളിലൊന്ന് അപ്പർ ഡിവിഷൻ ക്ലർക്ക് തസ്തികയായി (ട്രിയാൾ ടി തസ്തികയിൽ നിന്നും മാറുന്ന മുറയ്ക്ക് ഉടൻ പ്രാബല്യത്തിൽ അപ്പർ ഡിവിഷൻ ക്ലർക്ക് തസ്തിക തിരികെ ഡൗൺഗ്രേഡ് ചെയ്യണമെന്ന നിബന്ധനയോടെ) അപ്ഗ്രേഡ് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, നിലവിൽ ശ്രീമതി എം.ജെ. ബീന ജോലി ചെയ്തുവരുന്ന സീനിയർ ക്ലർക്ക് തസ്തികയുടെ ശമ്പള സ്കെയിൽ നിലവിലെ 25,200-54,000 ൽ നിന്നും 35,600-75,400 ആയി പരാമർശം (4) ഉത്തരവിന് അനുസൃതമായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരിഷ്കരിച്ച് ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

i. മേൽ ശമ്പള പരിഷ്കരണം 01/07/2019 മുതലും ക്ഷാമബത്ത ഒഴികെയുള്ള പരിഷ്കരിച്ച അലവൻസുകൾ 01/03/2021 മുതലും പ്രാബല്യത്തിൽ വരുന്നതാണ്. പുതുക്കിയ സ്കെയിലിലെ ശമ്പളനിർണ്ണയം പരാമർശം (4) ഉത്തരവിലെ അനുബന്ധം II, അനുബന്ധം III എന്നിവ പ്രകാരമായിരിക്കും.

ii. ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ പരാമർശം (4) പ്രകാരമുള്ള ശമ്പള പരിഷ്കരണ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുള്ള ചുവടെ പറയുന്ന വ്യവസ്ഥകൾ അപാകതകൾ കൂടാതെ പാലിക്കേണ്ടതാണ്.

| അലവൻസുകൾ | |
|---|---|
| DA | ഖണ്ഡിക (11) |
| HRA | ഖണ്ഡിക (12,13) |

iii. സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് പരാമർശം (4) ഉത്തരവിന്റെ അനക്സർ V I ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയ ബന്ധിത ഹയർ ഗ്രേഡ് സ്കെയിലുകൾ പ്രാബല്യത്തിൽ വരുന്ന തിയ്യതി 01/04/2021 ആണ്.

iv. 01/03/2021 മുതൽ പ്രാബല്യത്തിൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.

v. ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ചത് സർക്കാർ പിന്നീട് തീരുമാനിക്കുന്നതാണ്.

vi. റേഷ്യോ പ്രൊമോഷൻ/ അപ്ഗ്രഡേഷൻ/ തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല.

vii. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.

viii. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്ക്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

ix. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.

x. ശമ്പള പരിഷ്കരണത്തിനുവേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഫണ്ടിൽ നിന്ന് നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

xi. കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല.

xii. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ പിന്നോക്ക സമുദായക്കാർക്കും, പട്ടികജാതി, പട്ടികവർഗ്ഗ ജീവനക്കാർക്കുമുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.

xiii. ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസ് അർഹതയുണ്ടായിരിക്കുന്നതാണ്.

xiv. ഇ.പി.എഫ്. സ്കീം പ്രകാരമുള്ള തൊഴിൽ ദാതാവിന്റെ വിഹിതം (അടിസ്ഥാന ശമ്പളം + ഡി.എ. ) യുടെ 12% എന്ന നിരക്കിലാണ് കണക്കാക്കേണ്ടത്. ഇതിലേയ്ക്കായി (അടിസ്ഥാന ശമ്പളം + ഡി.എ. ) യുടെ പരമാവധി തുക 15000/- രൂപയായി നിജപ്പെടുത്തേണ്ടതാണ്.

xv. 22/10/2001-ലെ സ.ഉ.(അച്ചടി) നം. 1208/2001/ധന പ്രകാരം ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നിർത്തലാക്കേണ്ടതാണ്.

xvi. പൊതു വിദ്യാലയങ്ങളിലോ, സ്പെഷ്യൽ സ്‌ക്കൂളുകളിലോ പഠിക്കുന്ന ശാരീരിക-മാനസിക വൈകല്യങ്ങളുള്ള കുട്ടികളുടെ മാതാപിതാക്കളായ ജീവനക്കാർക്ക് പ്രതിമാസം 1000/- രൂപ വിദ്യാഭ്യാസ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

xvii. മേല്പറഞ്ഞതൊഴികെയുള്ള മറ്റൊരു ആനുകൂല്യത്തിനും അർഹതയുണ്ടായിരിക്കുന്നതല്ല.

xviii. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്‌സിക്യൂട്ടീവ് ഓഫീസർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

ചീഫ് എക്‌സിക്യൂട്ടീവ് ഓഫീസർ, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്. സി.) വകുപ്പ് (04/09/2024-ലെ ഇനം നം. 2380 പ്രകാരം).
ധനകാര്യ വകുപ്പ് (19/09/2024-ലെ 2068591/LBR-1/137/2022-FIN നമ്പർ കുറിപ്പ് പ്രകാരം).
ഡയറക്ടർ, ഐ.&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സംഭരണ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. LBRD-H1/187/2022-LBRD).

ഉത്തരവിൻ പ്രകാരം
Signed by
Sareesh K
Date: 23-09-2024 15:43:46
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്.
തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 04-09-2024

ഫയൽ നം. LBRD-H1/187/2022/LBRD. ഇനം നം: 2380

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിലെ ആനുകൂല്യങ്ങൾ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഏക സ്ഥിരം ജീവനക്കാരിയ്ക്കും ബാധകമാക്കുന്നത്.

47) തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

2380

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | LBRD-H1/187/2022-LBRD |
| 2. വകുപ്പ് | : | തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ് |
| 3. വിഷയം | : | പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിലെ ആനുകൂല്യങ്ങൾ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ സ്ഥിരം ജീവനക്കാരിയ്ക്കും ബാധകമാക്കുന്നത് – സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് ലഭിച്ച തീയതി | : | 05/08/2024 |
| 5. (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ? | : | സർക്കാരിന് സാമ്പത്തിക ബാധ്യതയില്ല. |
| (ii) സാമ്പത്തിക ബാധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ചന്ദ്ര എൻ.കെ. |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. കെ. വാസുകി |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17/08/2024 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി. |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/08/2024 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. വി. ശിവൻകുട്ടി |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 22/08/2024 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 30/08/2024 |
| 15. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച 11-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ സ്ഥിരം ജീവനക്കാരിയ്ക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. 10/02/2021-ലെ ജി.ഒ.(പി)നം. 27/2021/ഫിൻ പ്രകാരം സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണം കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഏക സ്ഥിരം ജീവനക്കാരിയും, ഭിന്നശേഷിക്കാരിയും, ബോർഡിന്റെ എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിലെ സീനിയർ ക്ലർക്കുമായ ശ്രീമതി എം.ജെ. ബീന എന്നയാൾക്ക് അനുവദിക്കുന്നതിന് 17/04/2021-ലെ 175/3-ാം നമ്പർ ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ സമർപ്പിച്ചിരുന്നു.

3. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ മുൻപ് നാല് പാർട്ട്ടൈം സ്വീപ്പർമാർ കൂടി ബോർഡിൽ സ്ഥിരം ജീവനക്കാരായി ഉണ്ടായിരുന്നതെങ്കിലും അവർ പല ഘട്ടങ്ങളിലായി വിരമിച്ചതായും, ശ്രീമതി എം.ജെ. ബീന മാത്രമേ ഇപ്പോൾ ബോർഡിൽ സ്ഥിരം ജീവനക്കാരിയായി ഉള്ളൂ എന്നും മേൽ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. "സാർക് വികലാംഗ വർഷത്തിൽ" താൽക്കാലികാടിസ്ഥാനത്തിൽ പ്രസ്തുത ബോർഡിൽ ജോലി ചെയ്തതിന്റെ അടിസ്ഥാനത്തിൽ, 28/02/1996-ലെ സ.ഉ.(എം.എസ്.)നം. 28/96/തൊഴിൽ പ്രകാരം ശ്രീമതി എം.ജെ. ബീനയ്ക്ക് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ പുനർനിയമനം നല്കുകയുണ്ടായി. WP(C)25955/2017-നുമേലുള്ള ബഹു. ഹൈക്കോടതിയുടെ 16/08/2018-ലെ വിധിയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ നിലവിലുള്ള ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികകളിലൊന്ന് അപ്പർ ഡിവിഷൻ ക്ലർക്ക് തസ്തികയായി (ടിയാൾ ടി തസ്തികയിൽ നിന്നും മാറുന്ന മുറയ്ക്ക് ഉടൻ പ്രാബല്യത്തിൽ അപ്പർ ഡിവിഷൻ ക്ലർക്ക് തസ്തിക തിരികെ ഡൗൺഗ്രേഡ് ചെയ്യണമെന്ന നിബന്ധനയോടെ) അപ്ഗ്രേഡ് ചെയ്ത് ടിയാൾക്ക് പ്രമോഷൻ നല്കുന്നതിന് 02/07/2021-ലെ സ.ഉ.(സാധാ) നം.783/2021/തൊഴിൽ പ്രകാരം സർക്കാർ അനുമതി നല്കിയിരുന്നു.

4. പ്രസ്തുത ശമ്പള പരിഷ്കരണ ശിപാർശ, നിബന്ധനകളോടെ അംഗീകരിച്ച് ധനകാര്യ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട് -

*" ബഹു. ഹൈക്കോടതി വിധി നടപ്പാക്കുന്നതിനായി എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ നിലവിലുള്ള ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികകളിലൊന്ന് അപ്പർ ഡിവിഷൻ ക്ലാർക്ക് തസ്തികയായി ( ടിയാൾ ടി തസ്തികയിൽ നിന്നും മാറുന്ന മുറയ്ക്ക് ഉടൻ പ്രാബല്യത്തിൽ അപ്പർ ഡിവിഷൻ ക്ലാർക്ക് തസ്തിക തിരികെ ഡൗൺഗ്രേഡ് ചെയ്യണമെന്ന നിബന്ധനയോടെ) തസ്തിക അപ്ഗ്രേഡ് ചെയ്തിട്ടുള്ള സാഹചര്യത്തിൽ നിലവിൽ ശ്രീമതി എം.ജെ.ബീന ജോലി ചെയ്തുവരുന്ന സീനിയർ ക്ലർക്ക് തസ്തികയുടെ ശമ്പള സ്കെയിൽ നിലവിലെ 25200-54000 ൽ നിന്നും 35600-75400 ആയി 10.02.2021 ലെ ജി.ഒ.(പി.)നം. 27/2021/ഫിൻ ഉത്തരവിന് അനുസൃതമായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരിഷ്കരിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.*

***<u>നിബന്ധനകൾ</u>***

*i. മേൽ ശമ്പള പരിഷ്കരണം 01/07/2019 മുതലും ക്ഷാമബത്ത ഒഴികെയുള്ള പരിഷ്കരിച്ച അലവൻസുകൾ 01/03/2021 മുതലും പ്രാബല്യത്തിൽ വരുന്നതാണ്. പുതുക്കിയ സ്കെയിലിലെ ശമ്പളനിർണ്ണയം 10.02.2021 ലെ ജി.ഒ.(പി)നം. 27/2021/ഫിൻ ഉത്തരവിലെ അനുബന്ധം II, അനുബന്ധം III എന്നിവ പ്രകാരമായിരിക്കും.*

*ii. ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ 10/02/2021 - ലെ സ.ഉ (പി) നം.27/2021/ധന നമ്പർ ശമ്പള പരിഷ്കരണ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ചുവടെ പറയുന്ന വ്യവസ്ഥകൾ അപാകതകൾ കൂടാതെ പാലിക്കേണ്ടതാണ്.*

| *അലവൻസുകൾ* | |
|---|---|
| *DA* | *ഖണ്ഡിക (11)* |
| *HRA* | *ഖണ്ഡിക (12,13)* |

*iii. സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10/02/2021 ലെ സ.ഉ (പി) നം. 27/2021/ധന നമ്പർ ഉത്തരവിന്റെ അനക്സർ VI ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയ ബന്ധിത ഹയർ ഗ്രേഡ് സ്കെയിലുകൾ പ്രാബല്യത്തിൽ വരുന്ന തിയ്യതി 01.04.2021 ആണ്.*

*iv. 01/03/2021 മുതൽ പ്രാബല്യത്തിൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.*

*v. ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ചത് സർക്കാർ പിന്നീട് തീരുമാനിക്കുന്നതാണ്.*

*vi. റേഷ്യോ പ്രൊമോഷൻ/ അപ്ഗ്രഡേഷൻ / തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല.*

*vii. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ)*

സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.

viii. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

ix. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.

x. ശമ്പള പരിഷ്കരണത്തിനുവേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഫണ്ടിൽ നിന്ന് നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

xi. കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല.

xii. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ പിന്നോക്ക സമുദായക്കാർക്കും, പട്ടികജാതി, പട്ടികവർഗ്ഗ ജീവനക്കാർക്കുമുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.

xiii. ഭിന്ന ശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസ് അർഹതയുണ്ടായിരിക്കുന്നതാണ് .

xiv. ഇ.പി.എഫ്. സ്കീം പ്രകാരമുള്ള തൊഴിൽ ദാതാവിന്റെ വിഹിതം (അടിസ്ഥാന ശമ്പളം + ഡി.എ.) യുടെ 12% എന്ന നിരക്കിലാണ് കണക്കാക്കേണ്ടത്. ഇതിലേയ്ക്കായി (അടിസ്ഥാന ശമ്പളം + ഡി.എ.) യുടെ പരമാവധി തുക 15000 രൂപയായി നിജപ്പെടുത്തേണ്ടതാണ്.

xv. 22/10/2001 ലെ ജി.ഒ.(പി) നം. 1208/2001/ധന പ്രകാരം ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നിർത്തലാക്കേണ്ടതാണ് .

xvi. പൊതു വിദ്യാലയങ്ങളിലോ, സ്പെഷ്യൽ സ്കൂളുകളിലോ പഠിക്കുന്ന ശാരീരിക മാനസിക വൈകല്യങ്ങളുള്ള കുട്ടികളുടെ മാതാപിതാക്കളായ ജീവനക്കാർക്ക് പ്രതിമാസം 1000/- രൂപ വിദ്യാഭ്യാസ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ് .

xvii. മേല്പറഞ്ഞതൊഴികെയുള്ള മറ്റൊരു ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.

xviii. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ആഫീസർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

ശമ്പള പരിഷ്കരണ ശുപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേയ്ക്ക് അയക്കുകയും ചെയ്യുവാൻ ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നതോടൊപ്പം ആയതിലേയ്ക്ക് മാതൃകാ പെരുമാറ്റച്ചട്ടത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികൾ ഭരണവകുപ്പ്

*സ്വീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു.*

*ഇതിന് പ്രാപ്തനായ അധികാരിയുടെ അംഗീകാരമുണ്ട്."*

3. പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

10/02/2021-ലെ ജി.ഒ.(പി)നം. 27/2021/ഫിൻ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച 11-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ, ധനകാര്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്കു വിധേയമായി, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഏക സ്ഥിരം ജീവനക്കാരിയായ, എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിലെ സീനിയർ ക്ലർക്ക്, ശ്രീമതി എം.ജെ. ബീന എന്നയാൾക്ക് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണോ?

**GOVERNMENT OF KERALA**

**(Sri. Pinarayi Vijayan Ministry)**

**Note for the Council of Ministers**

| | | | |
|---|---|---|---|
| 1. | File No. | : | LBRD-H1/187/2022-LBRD |
| 2. | Department | : | Labour & Skills (H) Department |
| 3. | Subject | : | Extending the benefits of the 11th pay revision order to the permanent employee of the Kerala Handloom Workers' Welfare Fund Board – reg. |
| 4. | Date of Chief Minister's order for placing before the Council | : | 05/08/2024 |
| 5. | (i) Does the case involve financial commitments/implications | : | No financial commitment to Government |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | : | Remarks of the Finance Department incorporated. |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : | No |
| 7. | Name of Additional Secretary who submitted the Draft Note | : | Smt. Chandra N.K. |
| 8. | Name of Secretary who approved the Draft Note | : | Dr. K. Vasuki |
| 9. | Date of approval of the Draft Note for the Council by the Secretary | : | 17/08/2024 |
| 10. | Name of Chief Secretary who approved the Draft Note | : | Dr. Venu V. |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 22/08/2024 |
| 12. | Name of Minister who approved the Draft Note | : | Sri. V. Sivankutty |
| 13. | Date of approval of the Draft Note for the Council by the Minister | : | 22/08/2024 |
| 14. | Date of submission of fair copies | : | 30/08/2024 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O./letter communicating the decision | : | |

## Note for the Council of Ministers

This note pertains to extending the benefits of 11th pay revision granted to the State Government employees, to the permanent employee of the Kerala Handloom Workers' Welfare Fund Board.

2. On the basis of decision no. 175/3 taken by the Director Board in its meeting held on 17/04/2021, Chief Executive Officer of the Kerala Handloom Workers' Welfare Fund Board submitted a proposal for extending the benefits of pay revision granted to the State Government employees as per G.O.(P) No.27/2021/Fin dated 10/01/2021, to the only permanent employee of the Board, Smt. M.J. Beena, who is also a differently abled person, working as Senior Clerk in the O/o the District Executive Officer, Ernakulam.

3. The Chief Executive Officer of the Board reported that the Kerala Handloom Workers' Welfare Fund Board previously had four part-time sweepers also as regular employees, and all of them retired and Smt. M.J. Beena is the only remaining permanent employee of the Board. Smt. M.J. Beena, who had worked in the Board on temporary basis during the "SAARC Year of Disabled Persons" was given re-appointment in the post of L.D. Typist, as per G.O.(Ms) No.28/96/LBR dated 28/02/1996. In order to comply with the directions of the Hon'ble High Court in its Judgment dated 16/08/2018 in WP(C) 25955/2017, Government accorded sanction for giving promotion to Smt. M.J. Beena by upgrading one of the existing L.D. Clerk posts in the O/o the District Executive Officer, Ernakulam to U.D. Clerk post (on the condition that, the U.D. Clerk post has to be downgraded back with immediate effect on her moving from the said post) as per G.O.(Rt) No.783/2021/LBR dated 02/07/2021.

4. The Finance Department has granted conditional approval to the said pay revision proposal and has given the following remarks :-

*" ബഹു. ഹൈക്കോടതി വിധി നടപ്പാക്കുന്നതിനായി എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ നിലവിലുള്ള ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികകളിലൊന്ന് അപ്പർ*

- ഡിവിഷൻ ക്ലാർക്ക് തസ്തികയായി ( ടിയാൾ ടി തസ്തികയിൽ നിന്നും മാറുന്ന മുറയ്ക്ക് ഉടൻ പ്രാബല്യത്തിൽ അപ്പർ ഡിവിഷൻ ക്ലാർക്ക് തസ്തിക തിരികെ ഡൗൺഗ്രേഡ് ചെയ്യണമെന്ന നിബന്ധനയോടെ) തസ്തിക അപ്ഗ്രേഡ് ചെയ്തിട്ടുള്ള സാഹചര്യത്തിൽ നിലവിൽ ശ്രീമതി എം.ജെ.ബീന ജോലി ചെയ്തുവരുന്ന സീനിയർ ക്ലർക്ക് തസ്തികയുടെ ശമ്പള സ്കെയിൽ നിലവിലെ 25200-54000 ൽ നിന്നും 35600-75400 ആയി 10.02.2021 ലെ ജി.ഒ.(പി.)നം. 27/2021/ഫിൻ ഉത്തരവിന് അനുസൃതമായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരിഷ്കരിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

**<u>നിബന്ധനകൾ</u>**

i. മേൽ ശമ്പള പരിഷ്കരണം 01/07/2019 മുതലും ക്ഷാമബത്ത ഒഴികെയുള്ള പരിഷ്കരിച്ച അലവൻസുകൾ 01/03/2021 മുതലും പ്രാബല്യത്തിൽ വരുന്നതാണ്. പുതുക്കിയ സ്കെയിലിലെ ശമ്പളനിർണ്ണയം 10.02.2021 ലെ ജി.ഒ.(പി)നം. 27/2021/ഫിൻ ഉത്തരവിലെ അനുബന്ധം II, അനുബന്ധം III എന്നിവ പ്രകാരമായിരിക്കും.

ii. ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ 10/02/2021 - ലെ സ.ഉ (പി) നം.27/2021/ധന നമ്പർ ശമ്പള പരിഷ്കരണ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ചുവടെ പറയുന്ന വ്യവസ്ഥകൾ അപാകതകൾ കൂടാതെ പാലിക്കേണ്ടതാണ്.

അലവൻസുകൾ

| | |
|---|---|
| DA | ഖണ്ഡിക (11) |
| HRA | ഖണ്ഡിക (12,13) |

iii. സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10/02/2021 ലെ സ.ഉ (പി) നം. 27/2021/ധന നമ്പർ ഉത്തരവിന്റെ അനക്സർ VI ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയ ബന്ധിത ഹയർ ഗ്രേഡ് സ്കെയിലുകൾ പ്രാബല്യത്തിൽ വരുന്ന തിയ്യതി 01.04.2021 ആണ്.

iv. 01/03/2021 മുതൽ പ്രാബല്യത്തിൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.

v. ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ചത് സർക്കാർ പിന്നീട് തീരുമാനിക്കുന്നതാണ്.

vi. റേഷ്യോ പ്രൊമോഷൻ/ അപ്ഗ്രഡേഷൻ / തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല.

vii. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.

viii. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ്

നിർത്തലാക്കേണ്ടതാണ്.

ix. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.

x. ശമ്പള പരിഷ്കരണത്തിനുവേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഫണ്ടിൽ നിന്ന് നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

xi. കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല.

xii. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ പിന്നോക്ക സമുദായക്കാർക്കും, പട്ടികജാതി, പട്ടികവർഗ്ഗ ജീവനക്കാർക്കുമുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.

xiii. ഭിന്ന ശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസ് അർഹതയുണ്ടായിരിക്കുന്നതാണ് .

xiv. ഇ.പി.എഫ്. സ്കീം പ്രകാരമുള്ള തൊഴിൽ ദാതാവിന്റെ വിഹിതം (അടിസ്ഥാന ശമ്പളം + ഡി.എ.) യുടെ 12% എന്ന നിരക്കിലാണ് കണക്കാക്കേണ്ടത്. ഇതിലേയ്ക്കായി (അടിസ്ഥാന ശമ്പളം + ഡി.എ.) യുടെ പരമാവധി തുക 15000 രൂപയായി നിജപ്പെടുത്തേണ്ടതാണ്.

xv. 22/10/2001 ലെ ജി.ഒ.(പി) നം. 1208/2001/ധന പ്രകാരം ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നിർത്തലാക്കേണ്ടതാണ് .

xvi. പൊതു വിദ്യാലയങ്ങളിലോ, സ്പെഷ്യൽ സ്കൂളുകളിലോ പഠിക്കുന്ന ശാരീരിക മാനസിക വൈകല്യങ്ങളുള്ള കുട്ടികളുടെ മാതാപിതാക്കളായ ജീവനക്കാർക്ക് പ്രതിമാസം 1000/- രൂപ വിദ്യാഭ്യാസ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ് .

xvii. മേല്പറഞ്ഞതൊഴികെയുള്ള മറ്റൊരു ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.

xviii. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ആഫീസർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

ശമ്പള പരിഷ്കരണ ശുപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേയ്ക്ക് അയക്കുകയും ചെയ്യുവാൻ ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നതോടൊപ്പം ആയതിലേയ്ക്ക് മാതൃകാ പെരുമാറ്റച്ചട്ടത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികൾ ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു.

ഇതിന് പ്രാപ്തനായ അധികാരിയുടെ അംഗീകാരമുണ്ട്."

5. The Hon'ble Chief Minister has ordered to place the matter before the Council of Ministers.

**Point for decision**

Whether orders may be issued extending the benefits of the 11th pay revision, granted to the State Government employees as per G.O.(P) No.27/2021/Fin dated 10/01/2021, to Smt. M.J. Beena, the only permanent employee of the Kerala Handloom Workers' Welfare Fund Board, working as Senior Clerk in the O/o the District Executive Officer, Ernakulam, subject to the conditions specified by Finance Department ?